



# ലിറ്റിൽ കൈറ്റ്സ് മാഗസിൻ 2019

**ആരോഗ്യമാതാ ഹൈസ്കൂൾ കോട്ടത്തറ**

# ആരോഗ്യമാതാ ഹൈസ്കൂൾ കോട്ടത്തറ



# ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ 2019

# ആശംസ




**കൈറ്റ്സ് മക്കൾ തയാറാക്കുന്ന മാഗസിൻ അവരുടെ സർഗാത്മക കഴിവുകളുടെ വളർച്ചയാണ്. ഇനിയും വളരുവാനും ഉയരുവാനുമുള്ള കൃപ ദൈവം നൽകട്ടെയെന്ന് ആശംസിക്കുന്നു.ഏവർക്കും അഭിനന്ദനങ്ങൾ.**

പ്രധാനാധ്യാപിക

**അന്നമ്മ തോമസ്**

# എഡിറ്റോറിയൽ

സാങ്കേതികവിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള പുതിയ തലമുറയെ രൂപപ്പെടുത്തിയെടുക്കുന്ന ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ.ടി കൂട്ടായ്മ പുതിയ സാധ്യതകൾ തുറക്കുന്നു.പരിശീലന കാലയളവിൽ വൈവിധ്യമാർന്ന പരിശീലനങ്ങളിലൂടെ കടന്നു പോകുമ്പോൾ സാങ്കേതികരംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാനനൈപുണികൾ പരിചയപ്പെടാൻ അവസരം ലഭിക്കുന്നു. **ജാലകം** എന്ന പേരിൽ ആരോഗ്യമാതയിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തയാറാക്കുന്ന ഡിജിറ്റൽ മാഗസിൻ നൂതന സാങ്കേതിക വിദ്യകളുടെ കാലഘട്ടത്തിലെ പുത്തൻ ചുവടുവയ്പാകും എന്ന പ്രതീക്ഷയോടെ സമർപ്പിക്കുന്നു.

**സ്നേഹപൂർവ്വം**

**എഡിറ്റർ.**

# എഡിറ്റോറിയൽ ബോർഡ്



## ഇതളുകൾ വിരിയുമ്പോൾ

..........6
തോരാമഴയും തീരാവേദനയും..........6
ഗ്രന്ഥശാലാപ്രസ്ഥാനം..........10
എന്റെ ആകാശം..........12
പുസ്തകങ്ങൾ..........13
എവിടെ..........15
"ഭയകൗടില്യലോഭങ്ങൾ..........17
വളർക്കില്ലൊരു നാടിനെ"..........17
ഓണം..........19
ഒത്തുചേർന്നാൽ..........20
കഥകളി..........21
പൊതുവിജ്ഞാനം..........22
കോഴിക്കൂട്..........24
വെള്ളപ്പൊക്കം കേരളത്തിൽ..........25
പുതുവർഷം..........26
പൂന്തോട്ടം..........27
ആഹാരം..........29
നീലാകാശം..........30
കടൽത്തീരത്ത്..........31
..........കേരളം
..........33
കൂട്ടുകാരുമൊത്തൊരു യാത്ര..........34
പൂന്തോട്ടം..........35
യുദ്ധങ്ങളെല്ലാം സർവനാശം..........36
സൂര്യകാന്തി..........38
ശ്രീ നാരായണഗുരു..........39
അഴകനും പൂവാലിയും..........40

# തോരാമഴയും തീരാവേദനയും

എത്രയോ ജന്മങ്ങളെൻ
ജീവിത വീഥികളിൽ
കഴിഞ്ഞുവെന്നാലുമാ
ഓർമ്മകൾ മായുകില്ല.

ദു :ഖവും ദുരിതവും
കൂടെ കളിച്ചീടുമ്പോൾ
കുളിർമയേകുവാനായ്
മഴതൻ സാന്ത്വനവും

എങ്കിലുമാമഴയെൻ
ദുരിതം കൂട്ടിയല്ലോ
ഗുണവും ദോഷവുമായ്
മാറിയാ മഴക്കാലം.

അച്ഛനമമ്മയുമസുഖം
കൊണ്ടലയുമ്പോൾ
തോരാത്താ മഴയെന്റെ
ജീവിതം നനച്ചല്ലോ

പുരയും പരിസര
പ്രദേശമെല്ലാം തന്നെ

നനഞ്ഞു കിടക്കുന്ന
ഇനിയെങ്ങു പോകും ഞാൻ

മിഴിനിരൊഴുക്കുന്ന
സമമായ് മഴയുമെ
എൻ മനതാരിലൊരു
കണ്ണീർ മഴയായ് ചെയ്തു.

എങ്ങു പോകും ഞാനിനി
ഘോരമാം ഈ മഴയിൽ
ആരുമില്ലെനിക്കൊരു
ആശ്രയ മായാനേരം.

തുണയായേകനൊരാൾ
സർവ്വേശൻ മാത്രമായ്
ഏകയായ് ഞാനിരിപ്പു
കണ്ണീരിൻ നടുവിലായ്.

വർഷം കൊണ്ടെന്റെ പുര
ഇഷ്ടം പോൽ വെള്ളമായി
നനഞ്ഞു കുതിർന്നൊരെൻ
കുടിലോ നാശമായ്.

മനമുരുകി ദൈവത്തെ വിളിച്ചപ്പോൾ
അദ്ദേഹമയച്ചൊരയൽക്കാരൻ
മുൻമ്പിലെത്തിഏറെ കഷ്ടപ്പെട്ടിട്ടേ
ന്നേയുമെൻ വീട്ടുകാരേം

അദ്ദേഹം സ്വഗൃഹത്തിൽ
കൊണ്ടുപോയ് വസിപ്പിച്ചു

മനസിന്നാശ്വാസമായ്
മഴയെൻ സുഹൃത്താണെ
ന്നാലും ഞാൻ വെറുത്തതാ
ദിനവും മഴയേയും

മഴകൊണ്ടെല്ലാരിലും
ഗുണവും ദോഷങ്ങളും
തുല്യമായുണ്ടതെന്ന
സത്യം നാം അറിയണം

ജ്യോതി

XI

# ഗ്രന്ഥശാലാപ്രസ്ഥാനം

ഒരു ദിനാചരണത്തിന്റെ ലേബലിൽ ഒതുക്കിനിർത്താവുന്നതല്ല ഗ്രന്ഥശാലാപ്രവർത്തനങ്ങളെങ്കിലും ലൈബ്രറികൾക്ക് ആചരിക്കുവാനും ആഘോഷിക്കുവാനും സ്വന്തമായി ഒരു ദിനമുണ്ട്.സെപ്റ്റംബർ 14.1995 ൽ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ സുവർണജൂബിലി സമ്മേളനത്തിലാണ് ഗ്രന്ഥശാല പ്രസ്ഥാനത്തിനു തുടക്കം കുറിച്ച സപ്തംബർ 14 എല്ലാ ഗ്രന്ഥാലയങ്ങളും ഗ്രന്ഥശാലാദിനമായി ആചരിക്കണമെന്നു തീരുമാനിച്ചത്.ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ സപ്തതി വർഷമായ 2015 ൽ ഗ്രന്ഥശാലാ ദിനത്തിന്റെ പ്രസക്തി ഒന്നുകൂടി വർധിച്ചിരിക്കുന്നു.തിരുവിതാംകൂർ മഹാരാജാവായിരുന്ന സ്വാതിതിരുനാളിന്റെ സഹായത്തോടെ 1829 ൽ ആരംഭിച്ച തിരുവനന്തപുരം പബ്ലിക് ലൈബ്രറിയാണ് കേരളത്തിൽ ജനകീയ ഗ്രന്ഥശാലാപ്രസ്ഥാനത്തിന് തുടക്കമിച്ചത്.

കേവലം പുസ്തകശേഖരണ-വിതരണ കേന്ദ്രമെന്നതിലുപരി ഓരോ ഗ്രന്ഥശാലയും ആ ഗ്രാമത്തിന്റെ സാംസ്കാരിക ജനവിദ്യാകേന്ദ്രങ്ങൾ തന്നെയായിരിക്കണം.ജനോപകാരപ്രദമായ എല്ലാ വിവരങ്ങളും വായനശാലകളിൽനിന്ന് ലഭിക്കണം.ഓരോരുത്തരുടെയും സുഹൃത്തും വഴികാട്ടിയുമായിരിക്കണം ഓരോ ലൈബ്രറിയും.ഇന്ന് നമുക്കു നഷ്ടമായിക്കൊണ്ടിരിക്കുന്ന പൊതുഇടങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ലൈബ്രറികൾ. ജനകീയമായി സർഗാത്മക പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിയാൽ വിജ്ഞാനം വികസനത്തിന് എന്ന ഗ്രന്ഥശാലകളുടെ ലക്ഷ്യം കൈവരിക്കാം.

ഓരോരുത്തരുടെയും സുഹൃത്തും വഴികാട്ടിയുമായിരിക്കണം ഓരോ ലൈബ്രറിയും.ഇന്ന് നമുക്കു നഷ്ടമായിക്കൊണ്ടിരിക്കുന്ന പൊതുഇടങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ലൈബ്രറികൾ. ജനകീയമായി സർഗാത്മക പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിയാൽ വിജ്ഞാനം വികസനത്തിന് എന്ന ഗ്രന്ഥശാലകളുടെ ലക്ഷ്യം കൈവരിക്കാം.

സമ്പാദക: റ്റാനിയ ബെന്നി XC

# കുളിരണിയിക്കും ഓർമ്മകൾ.....

എന്റെ ജീവിതത്തിൽ എനിക്ക് മറക്കാൻ പറ്റാത്ത അനുഭവങ്ങളിൽ ഒന്നാണ് അന്നത്തെ മഴയനുഭവം. എന്റെ കുഞ്ഞുനാൾ തൊട്ട് ഞാൻ ഏറെ സ്നേഹിക്കുന്ന ഒന്നാണ് മഴ. കുളിരേകും മഴ. വീടിന്റെ ഉമ്മറത്തിരുന്ന് ഞാൻ ഏകയായി എത്തിനോക്കും. മുറ്റത്തെ പ്ലാവിൽ പലതരം കിളികൾ ഇരിക്കുന്നത് ഞാൻ കണ്ടു. എന്തിനാണ് ഇവർ എല്ലാവരും ഒത്തുകൂടിയിരിക്കുന്നത് എന്ന് എനിക്ക് മനസിലായില്ല. പിന്നെ നോക്കുമ്പോഴാണ് ഞാൻ കണ്ടത്. മുറ്റത്തുള്ള ചെറിയ ദ്വാരങ്ങളിൽ നിന്ന് ഈയൽ വരുന്നു. അവ പാറാൻ തുടങ്ങുമ്പോഴേക്കും ഓരോ കിളികളും പാറിവന്ന് കൊത്തികൊണ്ട് പോകുന്നു.അപ്പോഴാണ് മഴയെ ഞാൻ ശ്രദ്ധിച്ചത് . കല്ലുമഴ പോലെയാണ് പെയ്യുന്നത്.നിലത്തുവിഴുമ്പോൾ മണ്ണ് കുത്തിയിളകുന്നു. എന്തു രസമാണീ മഴ കാണാൻ എനിക്കപ്പോൾ ആ മഴയുടെ കൂടെ ആടിപ്പാടാൻ തോന്നി.പക്ഷേ എന്റെ അമ്മ മഴയത്തിറങ്ങാൻ സമ്മതിക്കില്ല. അതുകൊണ്ട് ഉമ്മറത്തുള്ള ആ ഇരുപ്പ് അവിടെത്തന്നെ ഉറച്ചു. മഴയുടെ സൗന്ദര്യം എനിക്ക് ആകെ ഇഷ്ടപ്പെട്ടു.

മേഘം എന്ന അമ്മയുടെ ഗർഭത്തിൽ നിന്ന് പിറന്നു വീഴുന്ന ഓരോ തുള്ളിയേയും ഞാൻ ഉറ്റു നോക്കിക്കൊണ്ടിരുന്നു. അവയുടെ ആ കളകളാരവം എന്റെ മനസ്സിനെ കുളിരണിയിക്കും. സുഖം നൽകി വേനൽ കടുത്തുനിൽക്കുന്ന ആ സമയത്ത് ഒരു മഴയുണ്ട് നല്ല പുതുമയേറുന്ന മഴ. ഓരോ തുള്ളിയും നിലത്തു വീഴുമ്പോൾ പൊടിമണ്ണിന്റെ ആ നനഞ്ഞ സുഗന്ധം ഒന്നു വേറെ തന്നെ. എത്രയൊക്കെ പറഞ്ഞാലും മഴയൊരു സംഭവം തന്നെയാണ്. മഴയത്ത് തീറ്റതേടി വരുന്ന തവളകൾ മുറ്റത്തിരുന്ന് കരയുന്നതു കേൾക്കാം മഴപെയ്യുമ്പോൾ വരുന്ന ആ സുഖം ഒന്നു വേറെ തന്നെയാണ്.

ശ്രീഷ്ണ 9 എ

# എന്റെ ആകാശം

വിശാലമായ നിന്നിടത്തിൽ
ഐശ്വര്യങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്ന
പുലരിയിൽ എത്തുന്ന സൂര്യനും
ചിരിച്ച് നിൽക്കുന്ന ചന്ദ്രനും
എല്ലാം എല്ലാം നിന്നിടത്തിൽ

പാറി പറക്കുന്ന കിളിക്കും
മിന്നി തിളങ്ങുന്ന നക്ഷത്രങ്ങളും
മഴയുടെ ഉറവിടവും
എല്ലാം എല്ലാം നിന്നിടത്തിൽ

കൗതുകമേറും കാഴ്ച്കളല്ലെ
ഭൂമിക്ക് തണലായ് നീയില്ലെ,
തണലാം നിന്നരികിൽ
ഐശ്വര്യങ്ങൾക്കൊണ്ട് നിറഞ്ഞിരിക്കുന്നു:

നന്ദന.എൻ
IX A

# പുസ്തകങ്ങൾ

സുഖത്തിൽസുഖമായ്
ദു:ഖത്തിലാദ്യമായ്
ഇരുട്ടിൽവെളിച്ചമായ്
ആശയായ് നിരാശയായ്
അറിവായ് പതറുന്ന
ബുദ്ധിയിൽ തെളിച്ചമായ്
നിഴൽമൂടുമോർമയിൽ
യൗവനത്തിലെ പ്രിയ
തോഴരായ് ; വാർദ്ധക്യത്തിൽ
ദിവ്യമാം താങ്ങായ് സ്ഥുതി
രങ്ങളായ് വിശ്വസ്തരായ്
പുസ്തകങ്ങളെ നിങ്ങൾ
രാജിപ്പൂ , മനുഷ്യന്റെ
യത്തുത സ്നേഹാദര
വിശ്വാസം നിങ്ങൾക്കല്ലോ
നിങ്ങളെ സ്നേഹിപ്പകതേ
നിങ്ങളെ നീളും കയ്യിൽ
പകരുന്നതേ പുണ്യം.

പുസ്തകങ്ങളുടെ മാഹാത്മ്യമാണ് സുഗതകുമാരി പറയുന്നത്. മനുഷ്യന്റെതന്നെ സൃഷ്ടികളിൽ ഏറ്റവും മഹത്തായത് പുസ്തകമാണല്ലോ. മുൻതലമുറയുടെ അറിവും അനുഭവങ്ങളുമെല്ലാം സഞ്ചരിച്ചിരിക്കുന്നത്പുസ്തകങ്ങളിലാണ്.

നാം അവ വായിക്കുമ്പോൾ അവരുമായെല്ലാം ഹൃദയം കൊണ്ട് ബന്ധപ്പെടാൻ സാധിക്കുന്നു. അതിന് നമ്മെ സഹായിക്കുന്ന പുസ്തകങ്ങളെക്കുറി
ച്ച് കവിയത്രി ആദരവോടെ, സ്നേഹത്തോടെ, ആരാധനയോടെ സംസാരിക്കുന്നു.

സുഖത്തിൽ സുഖമായും ദു:ഖത്തിൽ ആശ്വാസമായും വർത്തിക്കാൻ പുസ്തകങ്ങൾക്ക് കഴിയും. സുഖത്തിലും കൂടുതൽ സുഖം നൽകുന്നു.ദു:ഖങ്ങളെല്ലാം മറക്കാൻ പുസ്തകപാരായണം വഴിയൊരുക്കും. അനേകം ദു:ഖങ്ങളിലൂടെ കടന്ന് പോകുന്ന മനുഷ്യചരിത്രങ്ങൾ വായിക്കുമ്പോൾ നമ്മുടെ ദു:ഖം ഒന്നുമല്ല എന്ന തിരിച്ചറിവ് ഉണ്ടാകുമല്ലോ. ഇരുട്ടിനെ വെളിച്ചമാക്കാനും നിരാശയിൽ ആശ നൽകാനും പുസ്തകങ്ങൾക്കു കഴിയും.നിരാശ പൂണ്ട് ഒന്നും ചെയ്യാനില്ല എന്നു കരുതിയിരിക്കുന്നവർക്കുപോലുംപുതിയ ലക്ഷ്യങ്ങൾ കാട്ടിക്കൊടുക്കാനും അതിനുവേണ്ടി പ്രവർത്തിക്കാനും പ്രേരണ നൽകാനും പുസ്തകങ്ങൾക്കു കഴിയും. ജീവിതത്തിൽ പതറാതെ മുന്നേറുന്നതിന് അറിവ് ആവശ്യമാണ്. അറിവ് തന്നെയാണ് ബലം. ഈ അറിവ് നൽകാൻ പുസ്തകങ്ങൾക്കു കഴിയും. നിഴൽ മൂടിപ്പോകുന്ന ഓർമയെ തെളിച്ചം നൽകി ഉണർത്താൻ പുസ്തകവായന നല്ലതാണ്. യൗവനത്തിൽ
ചങ്ങാതിമാരായുംവാർദ്ധക്യത്തിൽദിവ്യമായതാങ്ങായിട്ടും സ്ഥിരമായും വിശ്വസ്തരായും നിൽക്കുന്നവരാണ്പുസ്തകങ്ങൾ.

പുസ്തകോപാസകയായ കവയിത്രിയെയാണ് ഈ കവിതയിൽ കാണുന്നത്. കവികളുടേയുംമറ്റുസാഹിത്യകാരന്മാരുടേയുംജീവവായുവാണ് പുസ്തകങ്ങൾ.അവരാണ്പുസ്തകങ്ങളെ പൊലിപ്പിക്കുന്നത്. മനുഷ്യന്റെ ഇതുവരെയുള്ള പുരോഗതിയുടെയെല്ലാം അടിത്തറ അവൻ നേടിയ അറിവുകളാണ്. ഈ അറിവാണ് പുസ്തകങ്ങൾ വരും തലമുറകൾക്കായി സൂക്ഷിച്ചുവെച്ചിരിക്കുന്നത്.

ജ്യോതി .പി XI

# എവിടെ

എവിടെ എവിടെ
മലകൾ എവിടെ
മരങ്ങൾ എവിടെ
നദികൾ എവിടെ
കാനനങ്ങൾ എവിടെ
എവിടെ എവിടെ
ഭൂമിക്ക് ലഭിച്ച സമ്പത്തെവിടെ
നിരപ്പാക്കപ്പെട്ട മലകളെയോ
പിഴുതെറിയപ്പെട്ട മരങ്ങളെയോ
മലിനമാക്കപ്പെട്ട നദികളെയോ
ചുട്ടെരിച്ച കാനനങ്ങളെയോ
ഭൂമിക്ക് ലഭിച്ചത്.
എവിടെ എവിടെ
പ്രകൃതിയിലെ സമ്പത്തെവിടെ,
മർത്യരെ അമ്മയെ കൊല്ലും ദുഷ്ടരെ
നമുക്കൊന്നോർക്കാം
അമ്മയില്ലേൽ നാമില്ല

ശീതൾ അന്ന രാജ 9 B

# "ഭയകൗടില്യലോഭങ്ങൾ
# വളർക്കില്ലൊരു നാടിനെ"

ആധുനിക ലോകത്ത് പത്രങ്ങൾക്ക് വളരെയേറെ പ്രാധാന്യമുണ്ട്. പ്രത്യേകിച്ചും ജനാധിപത്യസംവിധാനത്തിൽ ജനാധിപത്യത്തിന്റെ നാലാം തൂണ് എന്ന് പത്രങ്ങൾ വിശേഷിപ്പിക്കപ്പെടുന്നു.പാർലമെന്റ്,നീതിന്യായവ്യവസ്ഥ,ഭരണവ്യവസ്ഥ എന്നീ മറ്റ് മൂന്നു തൂണുകളിലും ദൈനംദിന ഇടപെടലിന് പൊതുസമൂഹത്തിന് പരിമിതമായ അവസരങ്ങളേയുള്ളൂ. എന്നാൽ അത്തരം അവസരങ്ങളിൽ പൊതുജനജിഹ്വയായി വർത്തിക്കാൻ പത്രങ്ങൾക്കുകഴിയും,കഴിയണം.വാർത്തകളുടെ വസ്തുനിഷ്ഠമായ അവതരണം മാത്രമല്ല പത്രങ്ങളുടെ ധർമ്മം. വാർത്തയിലൂടെയും മറ്റ് പ്രസിദ്ധീകരണങ്ങളിലൂടെയും ജനങ്ങളുടെ അഭിപ്രായ രൂപീകരണത്തിൽ ഗുണപ്രദമായ മാറ്റങ്ങൾ ഉണ്ടാക്കാൻ പത്രങ്ങൾക്ക് കഴിയണം. പൊതുജനനന്മ മാത്രമായിരിക്കണം പത്രങ്ങളുടെ ലക്ഷ്യം.

ഇത്തരത്തിൽ നോക്കുമ്പോൾ പത്രങ്ങൾക്ക് മഹത്തായ ചില കടമകൾ നിർവഹിക്കാനുണ്ട് എന്നുകാണാം. ജനാധിപത്യ പ്രക്രിയയിലെ മറ്റ് ഘടകങ്ങൾക്ക് തെറ്റുപറ്റുന്നു എന്ന് ജനങ്ങൾക്ക് തോന്നുമ്പോൾ അവ തിരുത്തുന്നതിന് ആവശ്യമായ സമ്മർദ്ദങ്ങൾ ചെലുത്താൻ പത്രങ്ങൾക്കുമാത്രമെ കഴിയൂ. ഭരണസംവിധാനങ്ങൾ തയാറാക്കുന്ന ജനക്ഷേമകരങ്ങളായ നിയമങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ അന്തരീക്ഷവും മനോഭാവവും പൊതുജനങ്ങൾക്കിടയിൽ സൃഷ്ടിക്കുന്നതിനും പത്രങ്ങൾക്കു കഴിയേണ്ടതുണ്ട്. ഇങ്ങനെ നോക്കുമ്പോൾ ജനങ്ങൾക്കും ജനാധിപതികൾക്കും ഇടയിൽ ഇവരെ പരസ്പരം ബന്ധിപ്പിക്കുന്നതും തിരുത്തൽ ശക്തിയായി വർത്തിക്കുന്നതുമായ മഹത്തായ സ്ഥാപനമാണ് പത്രം. ഈ കടമ നിർവഹിക്കണമെങ്കിൽ പത്രം നിഷ്പക്ഷമായിരിക്കണം. ഒരുപക്ഷം വേണമെന്നുണ്ടെങ്കിൽ അതു ജനപക്ഷമായിരിക്കണം. സത്യവും നീതിയുമായിരിക്കണം പത്രത്തെ

നയിക്കേണ്ടത്. ജാതി-മത-വർഗ-വർണ വ്യത്യാസമില്ലാതെ എല്ലാവരുടേയും ക്ഷേമത്തിനും ഐശ്വര്യത്തിനും മാത്രമായിരിക്കണം പത്രം മുൻഗണന നൽകേണ്ടത്. അനഭിലഷണീയമായ പ്രവണതകൾ

ഭരണപക്ഷത്തുനിന്നുണ്ടായാലും അതിനെ എതിർക്കാനുള്ള ആർജവം പത്രത്തിന് ഉണ്ടായിരിക്കണം. പത്രംനടത്തുവാൻ മുതൽമുടക്ക് ആവശ്യമാണ് എന്നതുകൊണ്ട് പണം ഉണ്ടാക്കുക. അതിനുവേണ്ടി പ്രചാരം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വായനക്കാരെ ആകർഷിക്കാൻ വേണ്ടിയുള്ള തന്ത്രങ്ങൾക്ക് പത്രം വശം വദമായിരിക്കരുത്. ന്യായമായ മാർഗങ്ങളിലൂടെതന്നെ ജനപ്രീതി ആർജിക്കാൻ അല്പം കാലമെടുത്താലും കഴിയുകതന്നെ ചെയ്യും.

വാർത്തകൾക്കുവേണ്ടിയുള്ള വാർത്താസൃഷ്ടിയും പണം പറ്റിക്കൊണ്ടുള്ള വാർത്താപ്രസിദ്ധീകരണവും വഞ്ചനയാണ് എന്നുള്ളതുകൊണ്ട് ഉപേക്ഷിക്കുക തന്നെ വേണം. ഭരണാധികാരികളെ പ്രീതിപ്പെടുത്തിക്കൊണ്ട് നിലനിൽക്കാൻ ശ്രമിക്കുന്നതും പൊതുജനദൃഷ്ടി അവിശ്വാസം ജനിപ്പിക്കും. താൽക്കാലിക ലാഭങ്ങൾ നോക്കാതെ ദീർഘകാലത്തേക്കുള്ള രാജ്യപുരോഗതി മുന്നിൽകണ്ട് പ്രവർത്തിക്കാൻ മറ്റുസ്ഥാപനങ്ങളിലെന്നപോലെ പത്രങ്ങളും ശ്രമിക്കേണ്ടതുണ്ട്.

സ്വദേശഭിമാനി രാമകൃഷ്ണപിള്ളയുടെ വാക്കുകൾ ഏതു പത്രത്തിനും ആപ്തവാക്യമായിരിക്കേണ്ടതാണ്.

"ഭയകൗടില്യലോഭങ്ങൾ
വളർക്കില്ലൊരു നാടിനെ"

ഹന്ന സജി
10 സി

# ഓണം

മഞ്ഞക്കോടിയുമുടുത്ത് വരുന്ന
ഓണം നമ്മുടെ പൊന്നോണം
മുററം ചെത്തി വെളിപ്പിക്കേണം
പുത്തൻ പൂക്കളമെഴുതേണം

മഞ്ഞപ്പുടവയുടുക്കുമ്പോഴെൻ
ഭംഗി പറഞ്ഞാൽ തീരില്ല
തങ്കച്ചിറക് വിടർത്തിവരും ചെറു
പൂമ്പാററക്കിത്രയുമഴകില്ലാ

ഓണസദ്യയെന്നോർക്കുന്നേരം
നാവിൽ കൊതിയുടെ പെരുവെള്ളം
മാവിൻകൊമ്പിൽ പൊന്നൂഞ്ഞാൽ
മുത്തശ്ശിക്കഥ കേൾക്കേണം

**ദേവിക.ആർ**

IX.B

# ഒത്തുചേർന്നാൽ

ഒരു ദിവസം കാട്ടിൽ വേടൻ വേട്ടയ്ക്കായി എത്തി. ആ വേടൻ പ്രാവുകളെ പിടിക്കാനായി ഒരു സ്ഥലത്ത് നെൽമണികൾ വിതറിയിരുന്നു. പ്രാവുകൾ അതുകണ്ടതും അവിടെയെത്തി. നിറയെ പ്രാവുകൾ തിന്നുന്നസമയത്ത് വല വീണു.

പ്രാവുകൾ അമ്പരന്നു. എല്ലാവരും വിഷമിച്ചു. അവർക്ക് എല്ലാവർക്കും എങ്ങനെയെങ്കിലും രക്ഷപെടണം എന്ന് ആലോചിച്ചു. അപ്പോൾ ആ കൂട്ടത്തിൽ വയസ്സനായ ഒരു വലിയ പ്രാവുണ്ടായിരുന്നു. ആ പ്രാവ് പറഞ്ഞു ."വേടൻ വരുമ്പോൾ നിങ്ങളെല്ലാവരും ചത്തതുപോലെയിരിക്കണം".ആ സമയം വേടൻ വന്നു.ഈ പക്ഷികളെല്ലാം ചത്തെന്നു കരുതി വല പൊക്കിയതും അതാ..! പക്ഷികളെല്ലാം പറന്നുപോയി.

റൂത്ത് .കെ

IX A

# കഥകളി

ലോകമെങ്ങും പ്രചാരം നേടിയ ഒരു കേരളീയകലയാണ് കഥകളി. ചാക്യാർ കൂത്തിന് മിഴാവ് കൊട്ടുമ്പോൾ ഉറക്കം തൂങ്ങി പോയ നമ്പ്യാർ ഓട്ടൻതുള്ളൽ എന്ന കഥാരൂപത്തിന് കാരണമായതു പോലെ കഥകളിയുടെ തുടക്കത്തിന് പിന്നിലും ഒരു കഥയുണ്ട്. വടക്കൻ കേരളത്തിൽ പ്രചാരത്തിലിരിക്കുന്ന കൃഷ്ണനാട്ടം എന്ന കലാരൂപം കാണണമെന്ന് കൊട്ടാരക്കര തമ്പുരാൻ കോഴിക്കോട് സാമൂതിരിയുടെ അടുത്തേക്ക് ഒരു സേവകനെ അയച്ച് അറിയിച്ചു. ഈ കലാരൂപം കാണുന്നതിന് ഒരു കൃഷ്ണനാട്ട സംഘത്തെ കൊട്ടരത്തിലേക്ക് അയക്കണ മെന്നായിരുന്നു കൊട്ടാരക്കര തമ്പുരാന്റെ കല്പന.എന്നാൽ ഈ കലാരൂപം ആസ്വദിക്കുന്നതിനുള്ള അറിവ് കൊട്ടാരക്കര തമ്പുരാനില്ല എന്ന് സാമൂതിരി അദ്ദേഹത്തെ ആക്ഷേപിച്ച് സേവകനെ മടക്കി വിട്ടു. ഇതിൽ ദേഷ്യം തോന്നിയ കൊട്ടാരക്കര തമ്പുരാൻ രാമനാട്ടം എന്ന കലാരൂപം ഉടനെ ആരംഭിക്കുകയും ചെയ്തുവത്രേ. ഈ കലാരൂപമാണ് പിന്നീട് കഥകളിയായി പരിണമിച്ചത്.



കളി വിളക്കിന്റെ പ്രകാശത്തിൽ പച്ച,കത്തി,കരി,താടി, മിനുക്ക് എന്നീ വേഷങ്ങൾ പാട്ടുക്കാർ പാടുന്നതിനനുസരിച്ച് വിവിധ ആംഗ്യ മുദ്രകളിലൂടെ പാട്ടിന്റെ കഥ അഭിനയിച്ച് കാണിക്കുന്നു.ഇരുപത്തിനാല് ആംഗ്യ മുദ്രകളാണ് കഥകളിയിലുള്ളത്. പാട്ടുക്കാർ താളം പിടിക്കുന്ന ചേങ്ങില,ചെണ്ട,മദ്ദളം എന്നീ വാദ്യ ഉപകരണങ്ങളാണ് കഥകളിലുള്ളത്.

സംഗീതം,സാഹിത്യം,വായ്പാട്ട്,ഉപകരണ സംഗീതം എന്നീകലങ്ങൾ തുല്യ പ്രാധാന്യമുള്ള ഒരു മികച്ച കലാരൂപമാണ് കഥകളി.

**ദേവിക. ആർ**
**9.B**

# പൊതുവിജ്ഞാനം

**1.**ഇന്ത്യൻ ദേശീയതയുടെ വന്ദ്യവയോധിക എന്നറിയപ്പെടുന്നത് ആര് ?

**2.**ഡേവീസ് കപ്പ് ഏറ്റവും കൂടുതൽ തവണ നേടിയ രാജ്യം ഏത് ?

**3.**വൈക്കം കായൽ എന്നറിയപ്പെടുന്നത് ഏത് കായലാണ് ?

**4.**കേരളത്തിൽ ഏറ്റവും കുറച്ച് കടൽ തീരമുള്ള ജില്ല ഏത് ?

**5.**ലോകത്തിൽ നാണയത്തുട്ടുകളില്ലാത്ത ഏകരാജ്യം ഏത് ?

**6.**വിദ്യാഭ്യാസത്തെക്കുറിച്ച്  പരാമർശിക്കുന്ന വേദം ഏത് ?

**7.**ഇന്ത്യയെ ആക്രമിച്ച ആദ്യ വിദേശഭരണാധികാരി ആരാണ് ?

**8.**നീലക്കുറിഞ്ഞിയുടെ ശാസ്ത്രീയ നാമം എന്ത് ?

**9.**ന്യൂട്രോൺ കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ ആര് ?

**10.**ആലപ്പുഴയെ കിഴക്കിന്റെ വെനീസ്  എന്ന് വിശേഷിപ്പിച്ചത് ആര് ?

**11.** ബലത്തിന്റെ യൂണിറ്റ്  ഏതാണ് ?

**12.** കേരളത്തിൽ രജിസ്റ്റർ ചെയ്ത ആദ്യത്തെ ഗ്രന്ഥശാല ഏത് ?

**13.** ലോകത്തിൽ പട്ടുല്പാദനത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന രാജ്യം ഏത് ?

**14.** **വേദങ്ങളുടെ ദൈവം എന്നറിയപ്പെടുന്നത് ആരാണ് ?**

**15.** **അവസാനത്തെ മുഗൾ ഭരണാധികാരി ആര്ണ് ?**

**16.** **കേരളത്തിലെ ഏറ്റവും വലിയ റെയിൽവേ ദുരന്തം ഏതാണ് ?**

**17. ' Yellow Cake ' എന്നറിയപ്പെടുന്ന മൂലകം ഏതാണ് ?**

**18.** **പാർല്ലമെന്റിലെ  ശൂന്യവേള എത്ര മണിക്കാണ് ആരംഭിക്കുന്നത് ?**

**19.** **കേരളത്തിലെ ഏറ്റവും ഉയരം കൂടിയ ക്രിസ്ത്യൻ ദേവാലയമായ പുത്തൻപള്ളി സ്ഥിതി ചെയ്യുന്നത് ഏത് ജില്ലയിലാണ് ?**

**20.** **ഐക്യരാഷ്ട്ര സഭയിൽ നിന്ന് പുറത്താക്കപ്പെട്ട ആദ്യത്തെ രാജ്യം ഏത് ?**

**<u>ഉത്തരങ്ങൾ</u>**

1. ആനിബസന്റ്
2. അമേരിക്ക
3. വേമ്പനാട്ട് കായൽ
4. കൊല്ലം
5. പരാഗ്വെ
6. അഥർവവേദം
7. സൈറസ് 1
8. സ്റ്റോബിലാന്തസ് കുന്തിയാന
9. ജയിംസ് ചാഡ്വിക്
10. കഴ്സൺ പ്രഭു
11. ന്യൂട്ടൺ
12. പി . കെ  മെമ്മോറിയൽ  ഗ്രന്ഥശാല
13. ചൈന
14. വരുൺ
15. ബഹദൂർഷ രണ്ടാമൻ
16. പെരുമൺ ദുരന്തം
17. യുറേനിയം ഡൈ ഓക്സൈഡ്
18. 12 മണിക്ക്
19. തൃശ്ശൂർ
20. തായ്വാൻ

**സമ്പാദനം -സൗന്ദർരാജ്  എ X B**

# കോഴിക്കൂട്

എന്റെ വീടിന്റ മൂക്കിലുണ്ടൊരു
        മരക്കാലൻ കോഴിക്കൂട്
സന്ധ്യാനേരത്ത് കേറും കോഴി
        ആ കൂട്ടിൽ
പകലെൻ അടുക്കള
        വാതിൽക്കൽ
ആട്ടിയോടിക്കും എന്റെ ഉമ്മ
        അതിനെ
നാണമില്ലാതെ അവ
        തിരികെ വരും
ഒരുനാൾ അവയെ വിറ്റു
        എങ്കിലും ഇന്നും മടക്കം
കാത്ത് നിൽക്കുന്നു
        മരക്കാലൻ കോഴിക്കൂട്

ഷംന ഷെറിൻ
**10 C**

# വെള്ളപ്പൊക്കം കേരളത്തിൽ

കേരളത്തിലെ വെള്ളപ്പൊക്കത്തിന്റെ നാശനഷ്ടങ്ങളെപ്പറ്റിയും കേരളത്തിൽഈ ദുരന്തം ഉണ്ടാകുവാൻ കാരണമെന്തെന്നും ഇതിൽനിന്നു നമുക്കു മനസ്സിലാ-ക്കിയെടുക്കാൻ സാധിക്കും. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ ഇത്തരമൊരു ദുരന്തം സംഭവിച്ചതിനു കാരണം മനുഷ്യന്റെ അതിരു കവിഞ്ഞഇടപ്പെടലുകൾ കൊണ്ട് മാത്രമാണ്.

2018 ജൂലൈ -ഓഗസ്റ്റ് മാസങ്ങളിൽ തെക്കു പടിഞ്ഞാറൻ കാലവർഷകാലത്ത് ഉയർന്ന അളവിൽ മഴ പെയ്തതിന്റെ ഫ-ലം ആയാണ് 2018-ലെ കേരളത്തിലെ വെള്ളപ്പൊക്ക ദുരന്തം സംഭവിച്ചത്. അതിശക്തമായ മഴയെ തുടർന്ന് കേരളത്തിലെ മിക്ക ജില്ലകളും വെള്ളപ്പൊ-ക്കത്തിലാവുകയുംമലയോരമേഖലകളിൽ

ഉരുൾപ്പൊട്ടലുണ്ടായി.അണക്കെട്ടുകളിലെ ജലനിരപ്പ് ക്രമാതിതമായി ഉയർന്നതോടെ അവയുടെ ഷട്ടറുകൾ തുറന്നുവിട്ടത്

വെള്ളപ്പൊക്കത്തിന്റെ ആഘാതം വർദ്ധിപ്പിച്ചു. ചരിത്രത്തിലാദ്യമായാണ് കേര-

ളത്തിലെ 54 അണക്കെട്ടുകളിൽ 35 എണ്ണവും തുറന്നുവിടേണ്ടിവന്നത്. 26 വർഷത്തിന്റെ അതായത് കാൽനൂറ്റാണ്ടിന്റെ ഇടവേളയ്ക്കുശേഷമാണ് ഇടുക്കിയിലെ ചെറുതോണി അണക്കെട്ടിന്റെ 5 ഷട്ടറുകൾ തുറന്നത്. ശക്തതമായ മഴയിൽ വയനാട് ജില്ല പൂർണമായും ഒറ്റപ്പെട്ടു. നദികൾ കരകവിഞ്ഞ് ഒഴുകിയത്റോഡ്, റെയിൽ, വ്യോമാ ഗതാഗത മേഖലകളെ പ്രതികൂലമായി ബാധിച്ചു.

തൊണ്ണൂറ്റിയൊൻപതിലെ വെള്ളപ്പൊക്കം എന്നറിയപ്പെ-

ടുന്ന 1924-ലെ പ്രളയത്തിനുശേഷം കേരളത്തിലുണ്ടായ ഏറ്റവും വലിയ പ്രളയമെന്നാണ് 2018-ലെ വെള്ളപ്പൊക്കം വിശേഷിപ്പിക്കപ്പെടുന്നത്.

കനത്ത മഴയിലും,പ്രളത്തിലും, ഉരുൾപ്പൊട്ടലിലും ഏകദേശം 483 പേർ മരിച്ചതായും 14 പേരെ കാണാതായതായും 140 പേരെ ആശുപത്രിയിലായതായും മുഖ്യമന്ത്രി പിണറായി വിജയൻ പ്രളയാനന്തര പ്രവർത്തനങ്ങലളെക്കറിച്ച് ചർച്ചച്ചെയ്യാൻ പ്രത്യേക നിയമസഭ സമ്മേളനങ്ങൾ വിളിച്ച കൂട്ടി. കാലവർഷം ശക്തമായ ഓഗസ്റ്റ് 21 ന് 3,91,494 ലക്ഷം കുടുംബങ്ങളിൽ 14,50,707 ആളുകൾ ദുരിതാശ്വാസ ക്യാമ്പുകളിൽ ജീവിക്കേണ്ട അവസ്ഥയിലെത്തി. കേരളത്തിലെ 14 ജില്ലകളിലും അതീവ ജാഗ്രതാമുന്നറിയിപ്പ് പ്രഖ്യാപിച്ചു.

2018 ജൂലൈ- ഓഗസ്റ്റ് തെക്കുപ്പടിഞ്ഞാറൻ കാലവർഷകാലത്ത് ഉയർന്ന അളവിൽ മഴ ചെയ്യതിന്റെ ഫലമായാണ് 2018-ലെ കേരളവെള്ളപ്പൊക്കദുരന്തം സംഭവിച്ചത്. ശക്തമായ മഴയെ തുടർന്ന് കേരളത്തിലെ മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലയോരമേഖലകളിൽ ഉരുൾപ്പൊട്ടലും ഉണ്ടായി.

**ഡെജിൻ മനോജ്**

**൯ ബി**

# പുതുവർഷം

ഉന്മേഷത്തോടുണരുക നാം
പുതുവർഷത്തിൻ പുലരിയിതിൽ
നന്മകളുണരും ചിന്തകളാൽ
മനവും നിർമ്മലമാക്കുക നാം

# പൂന്തോട്ടം

വസന്തം വരവായി
ഉല്ലാസമായി
പൂക്കൾ വിരിഞ്ഞു
സുഗന്ധം പരന്നു

പനിനീർ സുമങ്ങൾ
പലവർണ്ണമുണ്ട്
പാരിജാതത്തിൻ
പരിമളമെങ്ങും

പാട്ടുകൾ പാടാൻ
വണ്ടുകളെത്തി
തേൻ നുകരാനായ്
പൂമ്പാറ്റയെത്തി.

അന്ന ജോബി 10 സി

# ആഹാരം

*  അമിതാഹാരം പല രോഗത്തിനും വഴിതെളിക്കുമെന്നതിനാൽ ആഹാരം കഴിക്കുന്ന കാര്യത്തിൽ നിയന്ത്രണം ഏർപ്പെടുത്തുക.

*കഴിവതും വറുത്ത ആഹാരങ്ങൾ ഒഴിവാക്കുക.

*ഫാസ്റ്റ് ഫുഡ്, ബേക്കറി പലഹാരങ്ങൾ , ഐസക്രീം ഇവ ഏറെ ഇഷ്ടപ്പെടുന്നവർ വലിയ ദുരിതത്തിനാണ് വഴി തെളിക്കുന്നത്.

*കൊഴുപ്പുകൂടിയ ഭക്ഷണം ഒഴിവാക്കുക തന്നെ വേണം.

*മാംസാഹാരമില്ലാത്ത ഭക്ഷണം കഴിച്ചു ശീലിക്കുക.

*അമിതമായി മധുരം ഉപയോഗിക്കരുത്.

*ദഹനത്തെ തടസപ്പെടുത്തുകയും അമിതമായി കൊഴുപ്പ് ശരീരത്തിൽ പ്രവേശിക്കുവാനും സാധ്യതയുള്ളതിനാൽ ഇടയ്ക്കിടയ്ക്കുള്ള ഭക്ഷണശീലം ഒഴിവാക്കണം.

*ഭക്ഷണത്തിൽ ഇലക്കറികൾ ധാരാളമായി ഉൾപ്പെടുത്തണം.

*വയർ നിറച്ചു ഭക്ഷണം കഴിക്കരുത്.

*ദിവസവും ധാരാളം വെള്ളം കുടിക്കണം.

*ആഹാരം പാഴാക്കാതിരിക്കാൻ ശ്രദ്ധിക്കണം.

**അനുപ്രിയ.അശോക്**
IX B

# നീലാകാശം

പാറിനടക്കും പറവകളും
കറുത്തമ്മയാം കാക്കയും
ഏകുന്ന നീലാകാശ-
ത്തിന് മനോഹാരിത

സൂര്യനും ചന്ദ്രനും
നക്ഷത്രവും നൽകുന്ന
പുതുശോഭയെന്നും
വർണമനോഹരിയാം
നിൻ ശോഭ
ഉണർത്തുന്ന ഞങ്ങളെ.

നീലയും ചുവപ്പും വെള്ളയും
ആയ നിൻ വർണങ്ങൾ
രാവിൽ നിറയും നിലാവും
എത്രയോ മനോഹരം.

ദേവിക
൯ എ

# കടൽത്തീരത്ത്

പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടെയൊക്കെയോ ദു:ഖ സഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടു പോകുന്നു. വെള്ളായിയപ്പൻ നടന്നു പോകുന്ന ആ ചവിട്ടടിപ്പാത ആരുടെയൊക്കൊയോദു:ഖസഞ്ചാരങ്ങളുടെ ബാക്കിപത്രമാണ്.

പനമ്പട്ടകൾ സംസരിക്കുന്നതുപോലെ പനമ്പട്ടകളിൽ ഊട്ടുദൈവങ്ങളും കാരണവന്മാരും സംസാരിക്കുന്നതുപോലെ. വെള്ളായിയപ്പനോട് പ്രകൃതി പോലും സംസാരിക്കുന്നു. പനമ്പട്ടകളിൽ കാറ്റു പിടിച്ചാൽ അവ സംസരിക്കുന്നതു പോലെ തോന്നും. ഇവിടെ ഊട്ടുദൈവങ്ങളും കാരണവന്മാരും സംസരിക്കുന്നതു പോലെയാണ് അയാൾക്കു തോന്നിയത് പനയിൽ ദേവതകൾ അധിവസിക്കുന്നു എന്ന വിശ്വാസവുമുണ്ടല്ലോ. "തന്റെ ഈ ചോറുപൊതി കെട്ടുമ്പോൾ കോടച്ചി അതിലേക്ക് ഒരു പാട് കണ്ണുനീർ വീഴ്ത്തിയിരിക്കണം. കണ്ണുനീരിന്റെ ഓതം തോർത്തിന്റെ കെട്ടിലൂടെ കുതിർന്നു പിടിക്കുന്നു."

മകനെ അവസാനമായി കാണാൻ പോകുന്ന അച്ഛനുള്ള വഴിച്ചോറ് പൊതിയുമ്പോൾ ആ അമ്മ കരഞ്ഞിരിക്കണം. പൊതിച്ചോറിന്റെ നനവിനു കാരണമായി വെള്ളായിയപ്പൻ കണ്ടെത്തുന്ന കാരണം അതാണ്.

കണ്ണീരിലേക്ക് പോകുന്ന വെള്ളായിയപ്പന് എതിരെ വന്ന നീലി മണ്ണാത്തി അയാളെ പേരു ചൊല്ലി വിളിച്ചു.അയാൾ തിരിച്ചും.രണ്ടു വാക്കുകൾക്കിടയ്ക്ക് സാന്ത്വനത്തിന്റെ നിറവുണ്ട്. " അസ്തമയത്തിന്റെ പക്ഷികളെ നോക്കി അത്ഭുതപ്പെട്ട മകനെ വെള്ളായിയപ്പൻ ഓർത്തു.അസ്തമയത്തിലൂടെ പാടത്തേക്ക് ഇറങ്ങി നടക്കുന്ന സ്വന്തം അപ്പനെ ഓർത്തു. രണ്ടു ചിത്രങ്ങൾഅവയ്ക്കിടയിലെന്നപോലെ എന്തിന്റെയൊക്കെയോ നിറവ്."

കണ്ണൂരിലേക്കുള്ള യാത്രയിൽ വെള്ളായിയപ്പൻ റെയിൽവേ സ്റ്റേഷനിൽ ഇരിക്കുകയാണ് അവിടിരുന്നപ്പോൾ അകലെ സൂര്യൻ താഴുന്നതും കരിമ്പനകൾക്കു മുകളിലൂടെ പക്ഷികൾ പറന്നതും കണ്ടു. അത് അയാളെ രണ്ടു ചിത്രങ്ങൾ ഓർമിപ്പിച്ചു. ഒന്ന് മകൻ തന്റെ ചെറു വിരലും പിടിച്ചു മുണ്ടകപ്പാടത്തിന്റെ വരമ്പത്തുകൂടി നടന്ന് അസ്തമയത്തിന്റെ പക്ഷികളെ നോക്കി

അത്ഭുതപ്പെട്ടത്. മറ്റൊന്ന് തന്റെ അപ്പൻ അസ്തമയത്തിലൂടെ പാടത്തേക്ക് നടക്കുന്നത്.

## കേരളം

കേരം നിറയുന്ന നാടാണിത്
കേര വൃക്ഷങ്ങളുടെ നാടാണിത്
കലകൾ നിറഞ്ഞ നാടാണിത്
കഥകളിയുടെ നാടാണിത്
അഴകാകും അഴകിൻ
പച്ച വിരിച്ച മൈതാനത്തിൽ
നീ നിൽക്കുമ്പോൾ,
നിൻ ഉയർച്ചയെ ലോകമെമ്പാടും,
പാടിപുകഴ്ത്തട്ടെ,
കേരളം എന്നൊരു നാടല്ലേ?
കേരം നിറയുന്ന നാടല്ലേ
ആടിയുലഞ്ഞ് നീ നിന്നീടുക
നിൻ ഐശ്വര്യം ലോകത്തിൽ
എങ്ങും നിറഞ്ഞീടട്ടെ

ശിൽപ്പ.എം.ആർ
IX B

# കൂട്ടുകാരുമൊത്തൊരു യാത്ര

ആ രാത്രി ഞങ്ങൾ സ്കൂളിൽ നിന്നും ടിപ്പുവിൻെറ നഗരമായ മൈസൂരിലേക്ക് യാത്ര പുറപ്പെട്ടു.പല നിറത്തിലുള്ള വർണങ്ങളാൽ അലംകൃതമായ ഒരു ബസ്സിലായിരുന്നു ഞാനും എൻെറ സഹപാഠികളും,അദ്ധ്യാപകരും.പലവിധ പാട്ടുകളും,നൃത്തങ്ങളുമായി നേരം പുലരുന്നത് വരെ ഞങ്ങൾ യാത്ര തുടർന്നു.ഹെയർ പിൻ വളവിലൂടെയുള്ള യാത്രയും,ഇടതൂർന്ന് നിൽക്കുന്ന യൂക്കാലിപ്പ്റ്റ്സ്മരങ്ങളുടെനീണ്ടനിരയുംഞങ്ങളെഏറെആകർഷിച്ചു .സൂര്യോദയത്തിന് മുൻപേ ഞങ്ങൾ ചരിത്രങ്ങൾ ഉറങ്ങിക്കിടക്കുന്ന നാടായ മൈസൂരിൻെറ മണ്ണിലെത്തി.

ഞങ്ങൾ വിശ്രമിക്കാനുള്ള സ്ഥലത്തെത്തി.രണ്ട് മണിക്കൂറുള്ള നിദ്രയ്ക്ക് ശേഷം പ്രഭാത ഭക്ഷണം കഴിച്ചു.പിന്നെ 'സെൻഫിലോമിനോസ് ' ചർച്ചിലേക്ക് .ആ ചർച്ചിൻെറ വിസ്തൃതി ഞങ്ങളെ അത്ഭുതപെടുത്തി.അത്രയധികം വിശാലമായിരുന്നുആചർച്ചിനുണ്ടായിരുന്നത്പുറത്തെത്തിയപ്പോൾകച്ചവടക്കാരുടെ ഒരു വലിയ കൂട്ടം ഞങ്ങളെ കാത്ത് നിൽക്കുന്നുണ്ടായിരുന്നു.ഞങ്ങൾ മൃഗഷാലയിലേക്ക് യാത്ര തിരിച്ചു.പതിനാല് കിലോമീറ്റർ വിസ്തൃതിയുള്ള ആ മൃഗഷാലയിലേക്ക് ഞങ്ങൾ പ്രവേഷിച്ചു.പല തരത്തിലുള്ള മൃഗങ്ങളെയും, പറവകളെയും ഞങ്ങൾ അവിടെ കണ്ടു.അവിടെ ആഫ്രിക്കൻ ആനകളെയും,വെള്ള മയിലുകളെയും,ചെന്നായിക്കളെയും, കാട്ടുപോത്തുകളെയും, ജിറാഫുകളെയും, സിംഹങ്ങളെയും അങ്ങനെ അപൂർവ ഇനത്തിൽ പെട്ട ധാരാളം മൃഗങ്ങളെ കണ്ടു.

പിന്നീട്, ടിപ്പു സുൽത്താനെയും അദ്ദേഹത്തിൻെറ കുടുംബാംഗങ്ങളെയും 'ദ്ദംബസ്സ് ' എന്ന സ്ഥലം സന്ദർശിച്ചു.പിന്നീട്, ഞങ്ങൾ അതിമനോഹരമായ പൂക്കളാൽ നിറഞ്ഞു നിൽക്കുന്ന 'വൃന്ദാവൻ ഗാർഡനിൽ ' പോയി.വാട്ടർ ജയിൽ, സമ്മർ പാലസ്, ത്രിവേണി സംഗമം, മഹാരാജാ പാലസ്, മൈസൂർ മാൾ എന്നിവടങ്ങളും സന്ദർശിച്ച് യാത്ര

അവസാനിപ്പിച്ചു.അത് എന്റെ ജീവിതത്തിൽ അവിസ്മരണീയമായ ഒരു യാത്രയായിരുന്നു.

സാഹിൽ സലാം 9 ബി

## പൂന്തോട്ടം

പൂന്തോട്ടമാകെ പൂക്കൾ നിറഞ്ഞു
തെച്ചിപ്പൂമന്ദാരമുല്ലാസമാടി
പൂന്തോട്ടമാകെ ശലഭം നിറഞ്ഞു
പൂവുതൻ തേൻ നുകരുവാനായ്

ചെമ്പരത്തിപ്പൂ പതുക്കെ വിരിഞ്ഞു
ചെണ്ടുമല്ലിപ്പൂക്കുട വിരിഞ്ഞു
ആനന്ദമോടെ വിരിഞ്ഞ പൂവെല്ലാം
ഉല്ലാസമാടി കളിക്കുന്നുദൂരെ......

ഇവയൊക്കെ ചേർന്നാൽ
സന്തോഷത്തിൻ ആനന്ദത്തിൻ
പൂന്തോട്ടമെൻ മനസ്സിലും
മണ്ണിലും നിർമ്മിതമാകും



സുലൈഖ.എ
IXB

# യുദ്ധങ്ങളെല്ലാം സർവനാശം

യുദ്ധത്തിന്റെ കെടുതികളെക്കുറിച്ച് ഭാരതീയരായ നമ്മോട് ആരും പറഞ്ഞുതരേണ്ടതില്ല. കാരണം മഹാഭാരതകഥയിലൂടെ ലോകത്ത് അത്പറഞ്ഞ് തന്നത് നാമാണ്.യുദ്ധവീരന്മാരുടെ പരാക്രമണങ്ങൾ വർണിക്കാൻ വേണ്ടി മറ്റ് ലോകഭാഷകൾ എപ്പിക്കുകൾ എഴുതിയപ്പോൾ വേദവ്യാസമഹർഷി മനുഷ്യചരിത്രത്തിൽ യുദ്ധം വരുത്തിവെയ്ക്കുന്ന ഭയങ്കര ദുരന്തത്തെ എടുത്തുക്കാണിപ്പാൻ വേണ്ടിയാണ് ഭാരതോതിഹാസം രചിച്ചത്എന്ന് തീർത്തുപ്പറയാൻ സംശയിക്കേണ്ടതില്ല. യുദ്ധം അതുസഹോദരന്മാർ തമ്മിലായാലും ധർമ്മയുദ്ധമായിരിക്കാൻ വേണ്ടി ഏതെല്ലാം വ്യവസ്ഥകളിലൂടെ തുടങ്ങിയാലും അതിന്റെഅവസാനം സർവനാശം തന്നെയായിരിക്കും. മഹാഭാരതയുദ്ധത്തിൽ അതാണ് കണ്ടത്. വ്യവസ്ഥകൾ ഒന്നൊന്നായി ലംഘിക്കപ്പെട്ടു. ഒടുവിൽ വല്ലപാടും പാണ്ഡവർ യുദ്ധം ജയിച്ചു. എന്നിട്ടോ ആ വിജയം പകൽവെളിച്ചത്തിൽ ഒന്നു നോക്കിക്കാണുന്നതിനുമുമ്പ് പരാജയമായിമാറി. യുദ്ധംകഴിഞ്ഞ് ക്ഷീണത്താൽ പടകുടീരത്തിൽ ഉറങ്ങിക്കിടന്നിരുന്ന സർവരേയും ദ്രൗണി വെട്ടിയും കുത്തിയും ചവിട്ടിയും കഴുത്തു നെരിച്ചും കൊന്നു.അതും പോരാഞ്ഞ് ലോകമാകെ നനശിപ്പിക്കാൻ പര്യാപ്തമായ ബ്രഹ്മാ സ്ത്രം പ്രയോഗിക്കുകയും ചെയ്തു. അതുപിൻവലിക്കാൻ നിബന്ധിക്കപ്പെട്ടപ്പോൾ പാണ്ഡവരുടെ സന്തതി പരമ്പരകളിലേക്ക് തിരിച്ചുവിട്ടു.അതെ അതുതന്നെയാണ് ഇനിയൊരുയുദ്ധമുണ്ടായാൽ സംഭവിക്കാൻപോകുന്നത് മനുഷ്യകുലത്തിന്റെയെന്നല്ല ജീവജാതികളുടെയെല്ലാം സന്തതിപ്പരമ്പരകൾപ്പോലും ഇല്ലാതാകും.അത് ഭാവനയല്ല. ആധുനിക ലോകത്ത് മനുഷ്യർ നിർമ്മിച്ച് സംഭരിച്ചിട്ടുള്ള ബോംബുകൾ പോ

ലുള്ള മാരകയുദ്ധങ്ങൾ പ്രയോഗിക്കപ്പെട്ടാൽ ഇന്ന് നിലനിൽക്കുന്ന തലമുറ മാത്രമല്ല വരുംകാല തലമുറകൾ പോലും നശിച്ചുപ്പോകും. നമുക്കറിയാം ഹിരോഷിമയിലും നാഗസാക്കിയിലും വർഷിക്കപ്പെട്ട ആറ്റംബോംബുകളുടെ അനന്തരഫലങ്ങൾ. ഇതുവരെയും അതിന്റെ കെടുതികളിൽ നിന്ന് ആ പ്രദേശങ്ങൾ മോചനം നേടിയിട്ടില്ല. അതിലുമെത്രയോ ഇരട്ടി ആഘാതശേഷിയുള്ള ആയുധങ്ങൾ പിന്നീട് നിർമ്മിക്കുകയുണ്ടായി. ലോകരാജ്യങ്ങളിൽ പലതിനും ആയുധ നിർമാണശേഷി,ബോംബുകൾ നിർമിക്കാനും ലോകത്തിന്റെ ഏതു കോണിലേക്കും പ്രയോഗിക്കാനുള്ള ശേഷി, ലഭിക്കുകയും ചെയ്തിരുന്നു.ഈ ഒരവസ്ഥയിൽ ഒരു യുദ്ധമുണ്ടാവുകയുണ്ടെങ്കിൽ ഇതുവരെ മനുഷ്യൻ കെട്ടിപ്പൊക്കി വന്നതൊക്കെയും ഈ തലമുറയോടൊപ്പം നശിക്കുകയും അടുത്ത ഒരു തലമുറ സമീപഭാവിയിൽ ഉണ്ടാകാൻ കഴിയാത്ത വിധത്തിൽ ഭൂമി മാറിപ്പോവുകയും ചെയ്യും.

ശിൽപ. 10 സി

# സൂര്യകാന്തി

പൂവ് നല്ല പൂവ്
ചന്തമുള്ള പൂവ്
മിന്നിത്തിളങ്ങും പൂവ്
സുന്ദരിയായ പൂവ്
മഞ്ഞനിറമുള്ള പൂവ്
പുഞ്ചിരിക്കും പൂവ്
പുലരിയിൽ വിരിയും പൂവ്
കൊഞ്ചിക്കുഴയും പൂവ്
കൊച്ചുകുറുമ്പി പൂവ്
സൂര്യകാന്തി പൂവ്
സൂര്യകാന്തി പൂവ്

ആദിത്യ.ആർ
IX B

# ശ്രീ നാരായണഗുരു

കേരളത്തിലെ നവോത്ഥാന നായകരിൽ പ്രമുഖനാണ് ശ്രീനാരായണഗുരു. മതമേതായാലും മനുഷ്യൻ നന്നായാൻ മതി എന്നതാണ് അദ്ദേഹത്തിന്റെ ആദർശം. ജാതി ഭേദമോ,ഇല്ലാത്തസമൂഹത്തെ രൂപപ്പെടുത്താനാണ് അദ്ദേഹം ശ്രമിക്കുന്നത്.മലയാളത്തിലെ ചിന്തകനും വിമർശകനുമായ കുറ്റിപ്പുഴ കൃഷ്ണ് പിള്ള ശ്രീനാരായണഗുരുവിനെക്കുറിച്ച് എഴുതിയ ലേഖനമാണ് .

ശ്രീ നാരായാണഗുരുവിന്റെ അനന്യമായ വ്യക്തിത്യം ലേഖകൻ എടുത്തു കാണിക്കുന്നുണ്ട്.ഭാരതത്തിന്റെ നവോത്ഥാതിനു വേണ്ടി പരിശ്രമിച്ച മഹത് വ്യക്തിത്യകളിൽ പ്രധാനി കുടിയായിരുന്നു.ശ്രീ നാരായാണഗുരു.

സ്വന്തം മോക്ഷം മാത്രം ലക്ഷ്യമാക്കിയല്ല സമൂഹത്തെ മുഴുവൻ മുന്നിൽ കണ്ടു കൊണ്ടാണ് അദ്ദേഹം പ്രവർത്തിച്ചത്. ലക്ഷക്കണക്കിനാളുകളുടെ അന്ധകാരം നിറഞ്ഞ ജീവിതത്തിൽ പ്രകാശം പരത്തി അവരെ സ്വാതന്ത്ര്യബോധമുള്ളവരാക്കിതീർക്കാൻ അദ്ദേഹത്തിനു സാധിച്ചു. നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട മനുഷ്യത്വത്തെ അദ്ദേഹം മോചിപ്പിച്ചു. ജാതി പിശാചിനെ ഉച്ചാടനം ചെയ്തു് കേരളീയ മനുഷത്വം പഠിപ്പിച്ച ഗുരുനാഥനാണ്ദ്ദേഹം. ജ്ഞാന സിദ്ധനും കർമ്മ സിദ്ധനുമായിരുന്നുഅദ്ദേഹം. കർമ്മജ്ഞാനങ്ങളെ സമന്വയിപ്പിച്ചു കൊണ്ടുള്ള പ്രയോഗിക വേദാന്തത്തിന് അദ്ദേഹം പ്രാധാന്യം നൽകി.ശ്രീ നാരായണ ഗുരുവിന്റെ സേവന സമർപ്പിത ജീവിതം ഭാരതത്തിന്റെ സന്ന്യാസിമാർക്ക് മഹത്തായ മാതൃകയാണ്.

മനുഷ്യ ജാതിയെ ഒന്നായിക്കണ്ട മഹാനാണദ്ദേഹം. അനാചരങ്ങൾക്കെതിരെ അദ്ദേഹം പടനയിച്ചു. മതപ്രമാണങ്ങളെയും തത്വ സംഹിതകളെയും യുക്തിപൂർവ്വം ചോദ്യം ചെയ്തു. ശ്രീ നാരായാണഗുരു ഒരു സ്വതന്ത്രചിന്തകനായിരുന്നു.

പ്രിയ .വി 9 എ

# അഴകനും പൂവാലിയും

പരിസ്ഥിതി പ്രശ്നം പ്രമേയമാക്കി അംബികാസുതൻ മാങ്ങാട് എഴുതിയകഥയാണ് രണ്ടു മത്സ്യങ്ങൾ. അഴകൻ , പൂവാലി എന്നീ രണ്ടു മത്സ്യങ്ങളാണ് ഈ കഥയിലെ പ്രധാന കഥാപാത്രങ്ങൾ . ബുദ്ധസ്പർശനമേറ്റ്ചിരഞ്ജീവിയായ തവളയും കഥയിലെ പ്രധാന കഥാപാത്രമാണ്.കവ്വായികായലിലെ ഉപ്പുവെള്ളത്തിൽ മുട്ടയിട്ടാൽ അവ ചീഞ്ഞുപോകുമെന്നറിയാവുന്ന നെടുംചൂരി മത്സ്യങ്ങളാണ് അഴകനും പൂവാലിയും.അവയ്ക്ക ശുദ്ധജലത്തിൽ മാത്രമേ മുട്ടയിടാൻ കഴിയൂ. അതിന് ശൂലാപ്കാവിലെത്തണം. കുന്നിലൂടെ നീന്തി അവിടെ എത്തണമെങ്കിൽ വേനൽമഴപെയ്യണം. പക്ഷേ, എങ്ങനെ ശൂലാപ്പിലേക്ക് പോകും. ഭൂമിയുടെ ചോരപോലെ മെലിഞ്ഞൊഴുകുന്ന നീർച്ചാലിലൂടെ അവർ യാത്ര ആരംഭിക്കുന്നു. സർവചാരചരങ്ങൾക്കും വേണ്ടി മഴകിട്ടാൻവേണ്ടി മത്സ്യങ്ങൾ പ്രാർത്ഥിക്കുന്നു. ഒടുവിൽ കിട്ടിയ മഴയിൽനിന്നും അവർ കാവിലേക്ക് യാത്രപോകുന്നു. പോകുന്ന വഴിയിൽ മനുഷ്യർ മൂലം ഒരുപാട് ഉപദ്രവം ഉണ്ടാകുന്നു. അങ്ങനെ അവർ തവളയെ കണ്ടുമുട്ടുന്നു. തവള അവരെ സുരക്ഷിതമായി ശൂലാപ്പ് കാവിലെത്തിക്കുന്നു. ശൂലാപ്പിലെത്തിയവർ കണ്ട കാഴ്ച അവരെ ഞെട്ടിപ്പിക്കുന്നതായിരുന്നു നാലഞ്ചുമരങ്ങൾ മാത്രം ഒരു സാധനം പണിതിരുന്നു അവിടെ ഉണ്ടായിരുന്ന കിളിമകൾ കാര്യങ്ങ ൾ വിവരിച്ചു. അന്നേരം തവള മരണത്തിലേക്കാണ്ടു. മത്സ്യങ്ങളെ ജല മുള്ള പ്രദേശത്തേക്ക് എത്താൻ നിർദേശിക്കുന്നു. അങ്ങനെ മനുഷ്യൻ എത്തിച്ചേരാത്ത എതെങ്കിലും ഒരു പറുദീസ ഉണ്ടാകുമെന്ന പ്രതീക്ഷയിൽ മത്സ്യങ്ങൾ യാത്ര തുടരുന്നു..............

മുഹസീന

8 ബി

# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾ

